## 725

യേശു സന്നിധി മമ ഭാഗ്യം
ക്ലേശം മാറ്റി മഹാ സന്തോഷം ഏകുന്ന-

1 ശുദ്ധാത്മവനുദിനം എന്നുള്ളിൽ വസിച്ചെന്നെ
പ്രാർത്ഥിപ്പാൻ പഠിപ്പിക്കും നേരമെപ്പോഴും-

2 ദൈവവചനമതിൽ ധ്യാനിച്ചിടുവാനതി
രാവിലെ തൻ പാദം പ്രാപിക്കും നേരം-

3 പാപത്താലശുദ്ധനായ് തീരും സമയമനു-
താപഹൃദയമോടെ ഞാനണയുമ്പോൾ-

4 ലോകചിന്തകളാകും ഭാരച്ചുമടതിനാൽ
ആകുലപ്പെട്ടു തളർന്നിടുന്ന നേരം-

5 ദുഃഖങ്ങൾ ഹൃദയത്തെ മുറ്റും തകർത്തിടുമ്പോൾ
ഒക്കെയും സഹിച്ചിടാൻ ശക്തി നൽകുന്ന-

6 യാതൊരു സമയമെന്നന്ധതയതുമൂലം
പാതയറിയാതെ ഞാൻ വലയുമ്പോൾ-

7 തക്കസമയമെല്ലാം മുട്ടും പ്രയാസവും തൻ
മക്കൾക്കു തീർത്തു കൊടുത്തിടുന്നോരെൻ-

8 ശത്രുവിൻ പരീക്ഷയെൻ നേരേ വന്നിടുന്നൊരു
മാത്രയിൽ ജയം നൽകി രക്ഷിച്ചിടുന്ന- **T.D.G.**